# മഹാതമാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## തിരുവനന്തപുരം ജില്ല

## ചിറയിൻകീഴ് ബ്ലോക്ക്

### വക്കം ഗ്രാമപഞ്ചായത്ത്

വാർഡ് നമ്പർ **12** മുക്കാലുവട്ടം

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 28/11/2019**

---

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം**

**സോഷ്യല് ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**

**LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03**

**ഫോണ് നമ്പര് 0471-2724696.Email.keralasocialaudit@gmail.com**

---

# ചിറയിൻകീഴ് ബ്ലോക്ക്

# വക്കം ഗ്രാമപഞ്ചായത്ത്

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

# വാർഡ് നമ്പർ 12 മുക്കാലുവട്ടം

അവിദഗ്ദ്ധ കായിക ജോലികൾ ചെയ്യുന്നതിന് സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നിയമമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-2005 National Rural Employment Guarantee Act (NREGA). ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. 2005 സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഈ നിയമം സെപ്റ്റംബർ 7 ന് നിലവിൽ വരികയും ജമ്മു - കാശ്മീർ ഒഴികെയുള്ള ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ബാധകമാക്കുകയും ചെയ്തു. തുടക്കത്തിൽ ഇന്ത്യയിലെ 200 ജില്ലകളിൽ മാത്രമായിരുന്നു പ്രാബല്യത്തിൽ വന്നതെങ്കിലും 2008 ഏപ്രിൽ 1 മുതൽ രാജ്യത്തെ മുഴുവൻ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാരോ ഇല്ല സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

**<u>10 അവകാശങ്ങൾ</u>**

1. തൊഴിൽ കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനകം ലഭിക്കുവാനുമുള്ള അവകാശം.

2. തൊഴിൽ ആവശ്യപെടുവാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുമുള്ള അവകാശം.

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4.. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

5. താമസസ്ഥലത്തിന്റെ 5km ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം.

6. കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളോടൊപ്പം അഞ്ചിലധികം കുട്ടികൾ വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ തുടങ്ങിയ പ്രവൃത്തിസ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം.

7. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കാനുമുള്ള അവകാശം.

8. തൊഴിൽ ചെയ്തു 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.

9. 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കിവാനുള്ള അവകാശം.

10. പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവ് വരുന്ന തുകയുടെ തത്സമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം

**<u>ഫയൽ പരിശോധന</u>**

പ്രവർത്തിയുടെ പേര് :വാടയിൽ വിഭാഗം ബി ഖണ്ഗിക 5പ്രകാരമുള്ളവരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ

| ഫയൽ നമ്പർ | വർക്ക് കോഡ് | തീയതി | | തുക | |
|---|---|---|---|---|---|
| | | ആരംഭിച്ചത് | അവസാനിച്ചത് | അനുവദിച്ചത് | ചെലവായത് |
| 177 | DP/269400 | 21/01/2019 | 03/03/2019 | 250000 | 231840 |

മണ്ണ് ജലസംരക്ഷണപ്രവൃത്തി മായി ബന്ധപ്പെട്ട ഫയൽ നമ്പർ 177 ആണ് പരിശോധിച്ചത്. വക്കം പഞ്ചായത്ത് 2322 തൊഴിൽ കാർഡ് കുടുംബങ്ങളാണ് ഉള്ളതെങ്കിലും1046 Active തൊഴിൽ കാർഡ് കുടുംബങ്ങളെ ഉള്ളൂ. ഇതിൽ 12 ആം വാർഡിൽ 157 തൊഴിൽകാർഡ് കുടുംബങ്ങൾ ഉള്ളതെങ്കിലും 66 Active തൊഴിൽ കാർഡ് കുടുംബങ്ങൾ ആണ് ഉള്ളത്.

- കവർ പേജ്

കവർ പേജ് ഉണ്ടായിരുന്നു.

- ചെക്ക് ലിസ്റ്റ്

ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു.

- ആക്ഷൻ പ്ലാൻ കോപ്പി

ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നു.

- ഡ്രോയിങ് ആൻഡ് ഡിസൈനിങ്

ഡ്രോയിങ് ആൻഡ് ഡിസൈനിങ് ഉണ്ടായിരുന്നു.

- അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷൻ ( ഭരണാനുമതി )

ഭരണാനുമതി ഉണ്ടായിരുന്നു.

📕 ടെക്നിക്കൽ സാങ്ക്ഷൻ (സാങ്കേതികാനുമതി )

സാങ്കേതികാനുമതി ഉണ്ടായിരുന്നു.

📕 ഡീറ്റൈൽഡ് എസ്റ്റിമേറ്റ്

ഡീറ്റൈൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.

📕 ഡിമാൻഡ് ഫോം

ഡിമാൻഡ് ഫോം ഉണ്ടായിരുന്നു.

📕 വർക്ക് അലോക്കേഷൻ ഫോം

വർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നു.

📕 മസ്റ്റർ റോൾ

🔸 25 മസ്റ്റർ റോൾ

🔸 844 തൊഴിൽദിനങ്ങൾ (M.ബുക്കിൽ 840 തൊഴിൽ ദിനങ്ങൾ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് )

🔸 മസ്റ്റർ റോളുകളിൽ ഒന്നും Total Sharpening Charge, Total Payment രേഖപെടുത്തിയിട്ടില്ല.

📕 വെജ് ലിസ്റ്റ്

വെജ് ലിസ്റ്റ് ഉണ്ടായിരുന്നു.

📕 FTO

FTO ഉണ്ടായിരുന്നു.

📕 3 സ്റ്റേജ് ഫോട്ടോഗ്രഫി

3 സ്റ്റേജ് ഫോട്ടോഗ്രഫി ഉണ്ടായിരുന്നു.

- വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്

വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

- ഫയൽ ടോക്കിങ് ഫോറം

ഫയൽ ടോക്കിങ് ഫോറം ഉണ്ടായിരുന്നു.

- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്

മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ടായിരുന്നു.

- മെഷർ മെന്റ് ബുക്ക്

- M.ബുക്ക് നമ്പർ :58/2018-19

- ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പും, സീലും, തീയതിയും ഉണ്ടായിരുന്നു. തൊഴിൽ ദിനങ്ങൾ നാല് ദിവസം(1104രൂപ ) കുറച്ചാണ് എക്സ്പെൻഡിച്ചർ കണക്കാക്കിയിരിക്കുന്നത്. അതുകൊണ്ട് Mbook ലെ തുകയും മസ്റ്റർ റോളിലെ ടോട്ടൽ തുകയും തുല്യമല്ല.

- Muster റോൾ പ്രകാരം 844*276=232944 ആണ് expenditure ആയി വരേണ്ടത്.

- സൈറ്റ് ഡയറി

സൈറ്റ് ഡയറി ഉണ്ടായിരുന്നു.

## <u>ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ട്</u>

**ഗുണഭോക്താക്കളുടെ പേര് :**

1.കുട്ടപ്പൻ മകൾ പ്രസന്ന (9cnt)

2.തങ്കമ്മ മക്കൾ ദാസൻ, ഷേളി, ജ്യോതി (25cnt)

3.സഹദേവൻ മകൻ സതീഷ് (15cnt)

4.കരുണാകരൻ മകൻ പ്രസാദ് കൃഷ്ണൻ (12cnt)

5.ദേവദാസൻ മകൾ ലത (13cnt)

6.ശങ്കരൻ മകൻ സഹദേവൻ (30cnt)

7.വിശ്വനാഥൻ മകൾ സുധർമിണി ഗോപാലൻ  മകൻ ശ്രീഗോപാൽ

8.അശോകൻ മകൾ അരുണ (15cnt)

9.ഭാസ്കരൻ മകൻ വരുണൻ (22cnt)

2018-19 കാലയളവിലെ വാർഡ് 12 മുക്കാലുവട്ടം എന്ന പ്രദേശത്താണ് ഫീൽഡ് പരിശോധന നടത്തിയത്. മണ്ണ് ജലസംരക്ഷണപ്രവൃത്തിയുമായി ബന്ധപ്പെട്ട 9 പുരയിടങ്ങളിലെ കരപ്പചീട്ടാണ് ഫയലിൽ ഉണ്ടായിരുന്നത്. അതിൽ രണ്ട് പുരയിടങ്ങൾ പൂർണമായി കാടുപിടിച്ച് നിലയിലും പ്രവേശന യോഗ്യമല്ലാത്ത രീതിയിലായിരുന്നു. മഴക്കുഴികൾ മൂന്നെണ്ണം ഉപയോഗപ്രദമായ നിലയിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട് ബാക്കിയെല്ലാ മഴക്കുഴികളും മണ്ണുകൊണ്ട് നിറഞ്ഞതും വേസ്റ്റ് നിഷേപിച്ചിരിക്കുന്നതായും തെങ്ങിൻതൈ, വാഴ എന്നിവ നട്ടിരിക്കുന്നത് കാണാൻ കഴിഞ്ഞു. മിക്കയിടങ്ങളിലും ഇപ്പോൾ വാഴ മരച്ചീനി പച്ചക്കറികൾ കൃഷിയോഗ്യമാക്കിയതായ് കാണാൻ കഴിഞ്ഞു.

## Door to Door Verification

- ഫസ്റ്റ് എയിഡ് ബോക്സ് ടാർപോളിൻ എന്നിവയില്ല. ഡെറ്റോൾ, ലോഷൻ എന്നിവ തൊഴിലാളികൾ പണം മുടക്കിയാണ് വാങ്ങിച്ചത് എന്ന് അറിയാൻ കഴിഞ്ഞു.

- കൂലി കൃത്യമായി കിട്ടണമെന്നും കൂലി കൂട്ടണമെന്നും ആവശ്യപ്പെട്ടു.

- വാർഡ് 12 മുക്കാൽ വട്ടം പ്രദേശത്ത് മഴക്കുഴി ദീർഘനാൾ നിലനിൽക്കില്ല എന്ന് വെള്ളം കയറി നശിച്ചു ആണെന്നും തൊഴിലാളികൾ പറഞ്ഞു അതുകൊണ്ടുതന്നെ പ്രദേശത്തിന് അനുയോജ്യമായ പണി അനുവദിക്കണമെന്ന് പറയുകയുണ്ടായി.

- തൊഴിൽ സൈറ്റിൽ വെച്ച് ഒരു തൊഴിലാളിക്ക് ദേഹാസ്വാസ്ഥ്യം ഉണ്ടായതിനെ തുടർന്ന് സ്വന്തം ചെലവിൽ ചികിത്സ തേടേണ്ടി വന്നു എന്ന് അറിയാൻ കഴിഞ്ഞു.

## തൊഴിൽ കാർഡ്  പരിശോധന

തൊഴിൽ കാർഡിൽ എല്ലാ വിവരങ്ങളും നല്ലപോലെ പൂർത്തീകരിച്ചിരിക്കുന്നു ആയി കണ്ടു.

**ഗ്രാമസഭ റിപ്പോർട്ട്**

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ**

**വാർഡ് നമ്പർ :12, മുക്കാലുവട്ടം**

**ചിറയിൻകീഴ് ബ്ലോക്ക്**

**വക്കം  പഞ്ചായത്ത്**

**അജണ്ട**

**1.ഈശ്വര പ്രാർത്ഥന** **(തീയതി :  28/11/2019)**

**2.അധ്യക്ഷയെ തിരഞ്ഞെടുപ്പ്** **(സമയം:11:00am)**

**3.സ്വാഗതം**

**4.റിപ്പോർട്ട്  അവതരണം**

**5.ചർച്ച**

**6.തീരുമാനം**

**7.കൃതജ്ഞത**

28-11- 2019 വക്കം പഞ്ചായത്ത് വാർഡ് 12 മുക്കാലുവട്ടം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് കൂടുകയുണ്ടായി. വാർഡ് മെമ്പർ ശ്രീമാൻ രഘുവരൻ എൻആർഇജിഎ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018 -19 വർഷത്തിലെ അവലോകനയോഗം ഗ്രാമസഭയുടെ പ്രധാന നിർദ്ദേശങ്ങളും  തുടർനടപടികളും  ഉൾക്കൊള്ളുന്ന നടപടി കുറിപ്പ്. തൊഴിലുറപ്പുപദ്ധതിയിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ 48 തൊഴിലാളികൾ പങ്കെടുത്തതിൽ 100 ദിവസം പൂർത്തിയാക്കിയ തൊഴിലാളികളിൽ ഒരാളെ  അധ്യക്ഷയായി തിരഞ്ഞെടുത്തു. അധ്യക്ഷയായി തിരഞ്ഞെടുത്തത് ശ്രീമതി സുമയ്യയെ  ആയിരുന്നു. ഈശ്വര പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. വാർഡ് മെമ്പർ ശ്രീമാൻ രഘുവരൻ സ്വാഗതം പറഞ്ഞു. തുടർന്ന് തൊഴിലാളികൾക്കുള്ള പ്രതിജ്ഞ വി ആർ പി അരണ്യ  ചൊല്ലിക്കൊടുത്തു.തൊഴിലാളികൾ അത് ഏറ്റുചൊല്ലി. വി ആർ പി വിനീഷ് സോഷ്യൽ ഓഡിറ്റിനെ പറ്റിയും അതിൻറെ ആവശ്യകതയെ പറ്റിയും 10അവകാശങ്ങളെ പറ്റിയും വിശദമായി പറഞ്ഞു കൊടുത്തു. തൊഴിൽ കാർഡും മസ്റ്റർ റോളുകളും നല്ലപോലെ സൂക്ഷിക്കണമെന്നും അവയുടെ ഉപയോഗങ്ങളെ  കുറിച്ചും വിശദമായി

പറഞ്ഞു കൊടുത്തു. തുടർന്ന് വി ആർപി ശ്രീവന്ദന റിപ്പോർട്ട് അവതരിപ്പിച്ചു.

## **ചർച്ച**

റിപ്പോർട്ട് അവതരണത്തിന് ശേഷം തൊഴിലാളികളിൽ ഒരാളായ ശ്രീമതി പൊന്നമ്മ തൊഴിൽസമയം കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടു. സർക്കാർ അനുവദിച്ചിട്ടുള്ള സമയം മാറ്റാൻ പറ്റില്ല എന്ന് vrp വിനീഷ് മറുപടിയായി പറഞ്ഞു. മസ്റ്റർ റോൾ ഇല്ലാതെ ഒരു പണിയും ചെയ്യരുതെന്നും പറഞ്ഞു. തൊഴിൽ സൈറ്റിൽ വെച്ച് ഉണ്ടാകുന്ന അപകടങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് അനൂകൂല്യം ലഭിക്കുമെന്ന് അവർക്ക് അറിയില്ലായിരുന്നു. തൊഴിലാളികളിൽ ഒരാൾ ജോലി ഭാരം കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടു. തൊഴിലാളികളുടെ ചോദ്യങ്ങൾക്ക് എല്ലാം ഓവർസിയർ വൈശാഖ് മറുപടി കൊടുത്തു. കൃത്യമായ എസ്റ്റിമേറ്റ് അളവിൽ തന്നെ ജോലി പൂർത്തിയാക്കണമെന്നും അല്ലെങ്കിൽ വേതനം കുറയുമെന്നും oversear വൈശാഖ് പറഞ്ഞു. തുടർന്ന് റിപ്പോർട്ട് കയ്യടിച്ച് പാസാക്കി. ഓവർസിയർ വൈശാഖ് കൃതജ്ഞത പറഞ്ഞു. ദേശീയ ഗാനത്തോടുകൂടി യോഗം അവസാനിച്ചു.

തയാറാക്കിയത്

VRP ശ്രീനന്ദന

VRP അരണ്യ

VRP നന്ദിനി

VRP ശ്രീവന്ദന